# Prime Minister Shri Narendra Modi and Prime Minister of Australia H.E. Mr. Scott Morrison hold 2nd India Australia Virtual Summit

March 21, 2022

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി സ്‌കോട്ട് മോറിസനും തമ്മിൽ രണ്ടാമത് ഇന്ത്യ - ഓസ്‌ട്രേലിയ വെർച്വൽ ഉച്ചകോടി നടന്നു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ്‌ട്രേലിയന് പ്രധാനമന്ത്രി സ്‌കോട്ട് മോറിസനും തമ്മിൽ ഇന്ന് രണ്ടാമത് ഇന്ത്യ-ഓസ്‌ട്രേലിയ വെർച്വൽ ഉച്ചകോടി നടന്നു. അതിൽ അവർ ഇരു രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ ബന്ധം അവലോകനം ചെയ്യുകയും മേഖലയിലെയും ആഗോളവുമായ സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറുകയും ചെയ്തു.

ന്യൂ സൗത്ത് വെയിൽസിലും ക്വീൻസ്‌ലാൻഡിലും രൂക്ഷമായ വെള്ളപ്പൊക്കത്തിൽ ഉണ്ടായ നാശനഷ്ടങ്ങളിലും അതുണ്ടാക്കിയ ജീവഹാനിയിലും പ്രധാനമന്ത്രി മോദി തുടക്കത്തിൽതന്നെ അനുശോചനം രേഖപ്പെടുത്തി.

2020 ജൂണിൽ നടന്ന ഒന്നാം വെർച്വൽ ഉച്ചകോടിയിൽ അംഗീകരിച്ച സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിലുള്ള പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, വിദ്യാഭ്യാസവും നൂതനാശയവും, ശാസ്ത്രവും സാങ്കേതികവിദ്യയും, നിർണ്ണായക ധാതുക്കൾ, ജല പരിപാലനം, പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ സാങ്കേതികവിദ്യ, കോവിഡ്-19 അനുബന്ധ ഗവേഷണം തുടങ്ങി ഇപ്പോൾ ഉൾക്കൊള്ളുന്ന വൈവിദ്ധ്യമാർന്ന മേഖലകൾ ഉൾക്കൊള്ളുന്ന ബന്ധത്തിന്റെ വിപുലമായ വ്യാപ്തിയിൽ പ്രധാനമന്ത്രി മോദി സംതൃപ്തി രേഖപ്പെടുത്തി. .

29 പുരാതന പുരാവസ്തുക്കൾ ഇന്ത്യയിലേക്ക് തിരികെ നൽകാനുള്ള പ്രത്യേക നടപടിക്ക് ആദരണീയനായ സ്‌കോട്ട് മോറിസൺന് പ്രധാനമന്ത്രി മോദി നന്ദിരേഖപ്പെടുത്തി. ഈ പുരാതന കരകൗശലവസ്തുക്കളിൽ നൂറ്റാണ്ടുകൾക്കപ്പുറമുള്ള ശിൽപങ്ങൾ, പെയിന്റിംഗുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവ ഉൾപ്പെടുന്നു, ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള ചിലവ 9-10 നൂറ്റാണ്ടുകളിലുള്ളവയുമാണ്. 12-ാം നൂറ്റാണ്ടിലെ ചോള വെങ്കലങ്ങളും, 11-12 നൂറ്റാണ്ടിലെ രാജസ്ഥാനിൽ നിന്നുള്ള ജൈന ശിൽപങ്ങളും, 12-13 നൂറ്റാണ്ടിലെ ഗുജറാത്തിൽ നിന്നുള്ള മണൽക്കല്ലുകൊണ്ടുള്ള ദേവി മഹിഷാസുരമർദിനിയും, 18-19 നൂറ്റാണ്ടിലെ പെയിന്റിംഗുകളും, ആദ്യകാല ജെലാറ്റിൻ വെള്ളി ഫോട്ടോഗ്രാഫുകളുമൊക്കെയാണ് ഈ പുരാവസ്തുക്കളിൽ ഉൾപ്പെടുന്നത്.

കോവിഡ് -19 മഹാമാരികാലത്ത് സമയത്ത് ഓസ്‌ട്രേലിയയിലെ ഇന്ത്യൻ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സമൂഹത്തെ സംരക്ഷിച്ചതിന് പ്രധാനമന്ത്രി മോറിസണോട് പ്രധാനമന്ത്രി മോദി നന്ദി അറിയിച്ചു.

സ്വതന്ത്രവും തുറന്നതും ഉൾച്ചേർക്കുന്നതും സമൃദ്ധവുമായ ഇന്തോ-പസഫിക് ഉൾപ്പെടെയുള്ള പങ്കാളിത്ത മൂല്യങ്ങളും പൊതു താൽപ്പര്യങ്ങളുമുള്ള സഹ ജനാധിപത്യ രാജ്യങ്ങൾ എന്ന നിലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വർദ്ധിച്ചുവരുന്ന തന്ത്രപരമായ ഒത്തുചേരലിനെ ഇരു നേതാക്കളും അഭിനന്ദിച്ചു.

സമഗ്ര തന്ത്രപരമായ പങ്കാളിത്തം ആഴത്തിലാക്കുന്നതിനുള്ള വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംയുക്ത പ്രസ്താവനയും ഈ അവസരത്തിൽ പുറത്തിറക്കി. ഉഭയകക്ഷി ബന്ധത്തിന് പ്രത്യേക മാനം നൽകിക്കൊണ്ട് സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിൽ പ്രധാനമന്ത്രിമാർക്കിടയിൽ വാർഷിക ഉച്ചകോടി നടത്താനും ഇരുപക്ഷവും സമ്മതിച്ചു.

ന്യൂഡല് ഹി

മാർച്ച് 21, 2022

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.